2009, ഖുത്വ്ബ നമ്പര്‍- 02

بسم الله الرحمن الرحيم

09.01.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# വഖ്ഫെ ജദീദിന്റെ നവവര്‍ഷ വിളംബരം

ഇന്നത്തെ ഖുത്വ്ബയുടെ വിഷയം തുടങ്ങുന്നതിനു മുമ്പേ കഴിഞ്ഞ ഖുത്വ്ബയുമായി ബന്ധപ്പെട്ട ഒരു വിശദീകരണം നല്‍കാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. ഹദ്റത്ത് റസൂല്‍ (സ) തിരുമേനിയുമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബന്ധം സ്വലാത്തുമായി ബന്ധപ്പെടുത്തുമ്പോള്‍ എങ്ങിനെയാണെന്നാണ് ഞാന്‍ പറയാന്‍ പോകുന്നത്. ഇത് കഴിഞ്ഞ ഖുത്വ്ബ കേട്ടവരില്‍ പലരും മനസ്സിലാക്കിയിട്ടുണ്ടാകും. മാത്രമല്ല നമ്മുടെ സാഹിത്യങ്ങളില്‍ ഇക്കാര്യം പ്രതിപാദിക്കുന്നുമുണ്ട്. ചിലര്‍ ചോദിക്കുകയുണ്ടായി, ഹദ്റത്ത് മസീഹ് മൗഊദ് (അ) തിരുനബി(സ)യുടെ കുടുംബത്തില്‍ പെട്ടതല്ലേ? ഹദീസുകളില്‍നിന്ന് വാഗ്ദത്തമസീഹിന്റെ ഉന്നതസ്ഥാനത്തെ കുറിച്ച് മനസ്സിലാകുന്നതാണ്. ഈ കാര്യങ്ങളെ പരാമര്‍ശിച്ച വ്യക്തി പറഞ്ഞത് ശരിതന്നെയാണ്. തിരുനബി (സ) തന്റെ ആത്മീയസുതനെക്കുറിച്ച് പറഞ്ഞ കാര്യങ്ങള്‍ ഹദീസുകളില്‍നിന്നും നമുക്ക് ലഭിക്കുന്നു. ഞാന്‍ മുഹര്‍റവുമായി ബന്ധപ്പെട്ടുകൊണ്ട് ശിയാ-സുന്നി പ്രശ്നങ്ങളാണ് കഴിഞ്ഞ ഖുത്വ്ബയില്‍ ചര്‍ച്ച ചെയ്തത്. അതുകൊണ്ട് അവരുടെ കാഴ്ചപ്പാടുകളില്‍ ഞാന്‍ എന്റെ വിഷയം പരിമിതപ്പെടുത്തുകയാണുണ്ടായത്. മുഹര്‍റം മാസത്തില്‍ ഇരുകൂട്ടരും കാര്യത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി, അതായത് ഇരുവരും മുസ്‌ലിംകള്‍ ആണെന്നും തിരുനബി (സ) പറഞ്ഞ മറ്റു മുസ്‌ലിംകള്‍ തന്റെ കൈകൊണ്ടും നാവുകൊണ്ടും സുരക്ഷിതരാവുന്നവരാണ് യഥാര്‍ത്ഥമുസ്‌ലിംകള്‍ എന്ന കാര്യം അവര്‍ ഓര്‍ക്കുകയും ചെയ്യുകയാണെങ്കില്‍ പരസ്പരമുള്ള വിദ്വേഷവും പകയും അടിപിടിയും കൊള്ളയും കൊലയും എല്ലാം അവസാനിപ്പിച്ച് സ്നേഹത്തിലും സൗഹാര്‍ദ്ദത്തിലും വര്‍ത്തിക്കാന്‍ സാധിക്കും എന്ന് ഞാന്‍ അവരെ ഉപദേശിക്കുകയും ചെയ്തു. തിരുനബി(സ) ഇപ്രകാരം അരുളി;

مَنْ قَالَ لَا اِلٰهَ اِلَّا اللّٰهُ وَ كَفَرَ بِمَا يَعْبُدُ مِنْ دُوْنِ
اللّٰهِ حَرُمَ مَالُهُ وَدَمُهُ وَحِسَابُهُ عَلَى اللّٰهِ

'അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് അംഗീകരിക്കുകയും അല്ലാഹുവിനെ കൂടാതെ ആരാധിക്കപ്പെടുന്നവരെ നിരാകരിക്കുകയും ചെയ്യുന്നവരുടെ ധനവും രക്തവും നിഷിദ്ധമാണ്. അവരുടെ കണക്കെടുപ്പ് അല്ലാഹുവിന്റെ ഉത്തരവാദിത്വമാണ്. '

ഇവിടെ وَحِسَابُهُ عَلَى اللّٰهِ എന്നു പറഞ്ഞു കൊണ്ട് അവരോട് ഏത് നിലപാടെടുക്കണമെന്ന കാര്യം അല്ലാഹു തീരുമാനിക്കും എന്ന് പറഞ്ഞിരിക്കുന്നു. ചുരുക്കത്തില്‍ ഒരാള്‍ **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുര്‍ റസൂലുല്ലാഹ്** എന്ന് പറഞ്ഞിട്ടുണ്ടെങ്കില്‍ അത് മുസ്‌ലീംകളോടുള്ള ഭയത്താല്‍ തന്നെയാണെങ്കില്‍ പോലും അവരെ വധിക്കുന്നത് നിഷിദ്ധമാണ്. لَا اِلٰهَ اِلَّا اللّٰهُ എന്ന് പറഞ്ഞതിന് ശേഷം അവരെ വധിക്കുകയാണെങ്കില്‍, തിരുനബി (സ) പറഞ്ഞത്, ഘാതകന്‍ വധിക്കപ്പെട്ടവന്റെ സ്ഥാനത്തും വധിക്കപ്പെട്ടവന്‍ ഘാതകന്റെ സ്ഥാനത്തുമായിരിക്കുമെന്നാണ്.

ചുരുക്കത്തില്‍ മുസ്‌ലിംകളുടെ ജീവന്‍ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യമാണ് തിരുനബ(സ) ഇവിടെ വിവരിക്കുന്നത്. കലിമയുടെ പ്രാധാന്യത്തെക്കുറിച്ചും സ്വലാത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മുസ്‌ലിംകള്‍ മനസ്സിലാക്കിയിരുന്നെങ്കില്‍ ഇന്നാളുകളില്‍ (മുഹര്‍റ മാസത്തില്‍) കാണുന്ന കുഴപ്പങ്ങളൊന്നും കാണുമായിരുന്നില്ല. എന്നാല്‍ മുസ്‌ലിംകള്‍ ഇതൊന്നും മനസ്സിലാക്കുന്നില്ല എന്നതാണ് ദൗര്‍ഭാഗ്യകരം. കഴിഞ്ഞ ദിവസങ്ങളില്‍ വന്ന വാര്‍ത്തകള്‍ തന്നെ മുസ്‌ലിംകളെ കുറിച്ച് മുഹര്‍റമാസവുമായി ബന്ധപ്പെടുത്തി ഞാന്‍ പറഞ്ഞത് ശരിയാണെന്ന് തെളിയിക്കുന്നു. ശിയാ-സുന്നി സംഘട്ടനങ്ങള്‍ നടക്കുന്നു. കാലത്തിന്റെ ഇമാമിനെ അംഗീകരിക്കാത്തവരുടെ അവസ്ഥയാണിത്. തിരുനബി(സ)യുടെ ആത്മീയസുതനെയാണ് ഇവര്‍ തിരസ്കരിച്ചത്. ആ ആത്മീയസുതനെക്കുറിച്ച് തിരുനബി (സ) അരുളിയിരുന്നത് അദ്ദേഹം വെളിപ്പെട്ടാല്‍ മഞ്ഞുമലയില്‍ മുട്ടുകുത്തിപ്പോകേണ്ടി വന്നാലും നിങ്ങള്‍ അദ്ദേഹത്തിന്റെ അടുത്തെത്തുകയും എന്റെ സലാം എത്തിക്കുകയും ചെയ്യുക എന്നാണ്. തിരുനബി(സ)ക്ക് ആ മഹാത്മാവിനോടുള്ള സ്നേഹമായിരുന്നു അത്. തിരുനബി(സ) ക്ക് വരാനിരിക്കുന്ന മഹ്ദിയോടുള്ള സ്നേഹം പ്രകടമാകുന്ന മറ്റു ഹദീസുകളുമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഹദ്റത്ത് റസൂല്‍ (സ) യുമായി വളരെ അടുത്ത ബന്ധമാണ്. കഴിഞ്ഞ ഖുത്വ്ബയില്‍ ഹദ്റത്ത് ഫാത്തിമ (റ) വാത്സല്യനിധിയായ ഒരു മാതാവിനെപ്പോലെ വാഗ്ദത്ത മസീഹിന്റെ തല തന്റെ മടിയില്‍ വെച്ചതായിക്കണ്ട സ്വപ്നം ഞാന്‍ വിവരിച്ചിരുന്നു. ആ സന്ദര്‍ഭത്തില്‍ തിരുനബി(സ) യും തിരുനബിയുടെ പ്രിയമകളും കുടുംബത്തിലെ മറ്റുള്ളവരും അവിടെ സന്നിഹിതരായിരുന്നു. ഇത് തെളിയിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തിരുദൂതരുടെ കുടുംബത്തിലെ അംഗമാണെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തന്റെ വാദത്തിന് മുന്‍പ് ഒരിക്കല്‍ രോഗിയായപ്പോള്‍ ഒരു ദുആ അല്ലാഹു പഠിപ്പിച്ചുകൊടുത്തിരുന്നു. അതിലും സ്വലാത്ത് അടങ്ങിയിരുന്നു. ഈ ദുആ നീ ചെയ്തുകൊണ്ടിരുന്നാല്‍ നിനക്ക് ശിഫാ ലഭിക്കും എന്നും അല്ലാഹു അറിയിച്ചു. ആ ദുആ ഇപ്രകാരമാണ്.

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ
اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَ آلِ مُحَمَّدٍ

ഈ ഇൽഹാമിൽ *അലാ* എന്ന വാക്ക് ഉപയോഗിക്കാതെ *(അലാ ആലി* എന്ന് ഉപയോഗിക്കാതെ) *ആലി മുഹമ്മദിൻ* എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ഈ പ്രയോഗത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്ഥാനം തിരുദൂതർ(സ) യുടെ വളരെ അടുത്താണെന്നാണ് കാണിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കുറിച്ച് നാം മനസ്സിലാക്കുന്നത് തിരുനബി(സ)യുടെ കുടുംബത്തിൽ ഉൾപ്പെട്ട ആളാണെന്നാണ്. ആ ബന്ധത്തിൽ നേരിട്ട് ചേർത്തിരിക്കുകയാണ്. ഇത് മറ്റുള്ളവർ അംഗീകരിച്ചാലും ഇല്ലെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അല്ലാഹുവും തിരുനബി(സ) യുടെ കുടുംബത്തിൽ നേരിട്ട് ചേർത്തിരിക്കുകയാണെന്നാണ് നമ്മുടെ വിശ്വാസം. തിരുനബി(സ) ഇത് പറയുകയും ചെയ്തിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ പറയുകയുണ്ടായി; *ഈ സ്ഥാനം എനിക്ക് ലഭിച്ചത് തിരുനബി(സ)യോടുള്ള അവാച്യമായ പ്രേമത്താലാണ്.* തിരുനബി(സ)ക്ക് സ്വലാത്ത് അയച്ചു കൊണ്ട് ആ മഹാത്മാവ് പ്രകടിപ്പിച്ച സ്നേഹം കാരണമാണ് ഈ സ്ഥാനം. ഈ വീക്ഷണത്തിൽ കൂടെ നോക്കുമ്പോൾ ഇന്ന് മുസ്ലിംകൾക്കിടയിലുള്ള വെറുപ്പും വിദ്വേഷവും കാണുമ്പോൾ അഹ്മദികൾ കൂടുതലായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. കാരണം നാം ഇക്കാലത്ത് തിരുനബി(സ)യുടെ കുടുംബത്തിൽ നേരിട്ട് ഉൾപ്പെടുത്തപ്പെട്ട ഇമാമിനെ അംഗീകരിച്ചവരാണ്.

മുസ്ലിംകളുടെ സ്വാർത്ഥത നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നു. ഫലസ്തീനിൽ ഇസ്രായീല്യർ നിരന്തരമായി ബോംബ് വർഷിച്ചുക്കൊണ്ടിരുന്നിട്ടും മുസ്ലിം രാഷ്ട്രങ്ങൾ ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഒറ്റക്കെട്ടായി ശക്തമായ ശബ്ദം ഉയർത്തിയിട്ടില്ല. അങ്ങിങ്ങായി പതിയ സ്വരത്തിൽ പ്രതിഷേധ ശബ്ദങ്ങൾ കേൾക്കുന്നുണ്ടെന്നല്ലാതെ ശക്തമായ പ്രതികരണങ്ങൾ വന്നിട്ടില്ല. എന്നാൽ പാശ്ചാത്യനാടുകളിൽ ചില ക്രിസ്ത്യാനികളും ചില സംഘടനകളും വളരെ ശക്തമായ ഭാഷയിൽ ഇസ്രായേലിന്റെ ഈ പ്രവർത്തനത്തെ അപലപിക്കുകയുണ്ടായി. ഇവരുടെ പ്രതികരണമാണ് മുസ്ലിംരാഷ്ട്രങ്ങളുടെ പ്രതികരണത്തേക്കാൾ ശക്തമായത്. ഇന്ന് മുസ്ലിം രാഷ്ട്രങ്ങൾ പൊതുവിൽ ഉറക്കത്തിലാണ്. അതുകൊണ്ട് നാം സ്വലാത്ത് ചൊല്ലിയും ദുആ ഇരന്നും മുസ്ലിംകളെ സഹായിക്കേണ്ടതാണ്. എനിക്ക് വീണ്ടും പറയാനുള്ളത് ദുആയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക. മുഹമ്മദീ മസീഹിനെ അംഗീകരിക്കുന്ന നമ്മുടെ കയ്യിലുള്ള ആയുധം ദുആയാണ്. ഇത് വളരെ ശക്തമാണ്. ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയം ഇതു മുഖേനയാണുണ്ടാകുക എന്ന് അല്ലാഹു പറയുകയും ചെയ്തിട്ടുണ്ട്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാനിനി ഇന്നത്തെ വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്. ജനുവരിയിലെ ആദ്യത്തെ വെള്ളിയാഴ്ചയോ രണ്ടാമത്തെ വെള്ളിയാഴ്ചയോ വഖ്ഫെ ജദീദിന്റെ പുതുവർഷപ്രഖ്യാപനം നടത്താറുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതോടൊപ്പം കഴിഞ്ഞ വർഷത്തെ ത്യാഗങ്ങളും അതേപോലെ സ്ഥിതിവിവരക്കണക്കുകളും സമർപ്പിക്കാറുണ്ട്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്.

ഒരു വിശ്വാസിയുടെ കടമകളെന്താണെന്നും അവൻ ഏതു രീതിയിലാണ് ത്യാഗം ചെയ്യേണ്ടതെന്നും ദൈവമാർഗ്ഗത്തിലുള്ള ചെലവഴിക്കൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നതിനെകുറിച്ചും അവൻ എന്തെല്ലാം ചെയ്യണം എന്നതിനെ കുറിച്ചും ഞാൻ ആദ്യം വിവരിക്കുന്നതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു തആല അരുളുന്നു;

إِنَّ الْمُصَّدِّقِينَ وَالْمُصَّدِّقَاتِ وَأَقْرَضُوا اللَّهَ
قَرْضًا حَسَنًا يُضَاعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ ( 57.19 )

*സദ്ഖ നൽകുന്ന പുരുഷന്മാർക്കും സദ്ഖ നൽകുന്ന സ്ത്രീകൾക്കും, തങ്ങളുടെ ധനത്തിൽനിന്ന് അല്ലാഹുവിന് നല്ല കടം നൽകുന്നവർക്കും അവരുടെ ധനം അവർക്കായി വർദ്ധിപ്പിച്ചുനൽകുന്നതാണ്. അവർക്ക് ആദരണീയമായ പ്രതിഫലം നൽകുന്നതുമാണ്* (അൽ ഹദീദ്: 19)

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ആയത്തിനെ വിശദീകരിക്കുകയുണ്ടായി. അല്ലാഹുവിന് നിങ്ങളുടെ ധനത്തിന്റെ ആവശ്യമില്ല. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ധനം ചെലവുചെയ്യുകയാണെങ്കിൽ അവൻ അത് കടമായിക്കരുതി നിങ്ങൾക്ക് തീർച്ചയായും മടക്കിത്തരുന്നതാണെന്നത് അവൻ തന്നിൽ നിർബന്ധമാക്കിയിരിക്കുയാണ്. അല്ലാഹു സ്വാശ്രയനായിരുന്നിട്ടുകൂടി, അവന് ആരുടേയും ധനത്തിന്റെ ആവശ്യമില്ലായിരുന്നിട്ടു കൂടി തന്റെ മാർഗ്ഗത്തിൽ ആരെങ്കിലും ചെലവു ചെയ്യുന്നുണ്ടെങ്കിൽ ഒരു കടമായി കണക്കാക്കി അവൻ അത് തിരിച്ചു നൽകുന്നു. കടം വാങ്ങി തിരിച്ചു കൊടുക്കുന്നത് മറന്നു പോകുന്ന വരെപ്പോലെയല്ല, മറിച്ച് അല്ലാഹു പറയുന്നത് ഞാനത് തിരിച്ചു നൽകുക തന്നെ ചെയ്യും എന്നാണ്. അതുകൊണ്ട് ധനത്യാഗം അത് ഏത് രീതിയിലാണെങ്കിലും ശരി അല്ലാഹു അതിനെ പരിഗണിക്കുന്നു. ഇന്ന് ദീനിനുവേണ്ടി ധന ത്യാഗം ചെയ്യുന്നത് അല്ലാഹുവിന്റെ പക്കൽ ഏറ്റവും സ്വീകാര്യമായ കാര്യമാണ്. അതിന്റെ സ്ഥാനം ജനങ്ങൾക്ക് ഊഹിക്കാൻ പോലും സാധ്യമല്ല. ഈ ധനത്യാഗം അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കണം എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. ലോകർ ഭൗതിക ആഗ്രഹപൂർത്തീകരണത്തിന് നെട്ടോട്ടമോടുന്ന ഇക്കാലത്ത് ധനത്യാഗം ചെയ്യുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവുചെയ്തു കൊണ്ട് അല്ലാഹുവിൽ നിന്നും ഉത്തമപ്രതിഫലം പറ്റുന്നവരായിത്തീരുന്നതാണ്. ഇത് വെറും പഴങ്കഥകളല്ലെന്ന് നമുക്കറിയാം. ഖുർആനിലും ഹദീസുകളിലും ഇങ്ങിനെ പറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല ഇന്ന് നമ്മിലുള്ള പലർക്കും ഇത് അനുഭവമുള്ളതു കൂടിയാണ്. മുമ്പ് നടന്ന സംഭവങ്ങൾ മാത്രമല്ല ഇതെല്ലാം ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്നതിനുശേഷം നമുക്ക് ലഭിച്ച അനുഗ്രഹങ്ങളിൽപ്പെട്ടതാണ്. ഇക്കാര്യത്തിന് അഹ്മദികൾ അല്ലാഹുവിന് എത്രതന്നെ നന്ദി രേഖപ്പെ

ടുത്തിയാലും മതിയാകുകയില്ല. നാം കൃതജ്ഞത പ്രകടിപ്പിക്കുന്നതു കൊണ്ട് പ്രതികൂല സാഹചര്യം ഉണ്ടായിട്ടു പോലും ഓരോ വർഷവും അഹ്മദികളുടെ ത്യാഗത്തിന്റെ നിലവാരം ഉയർന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് ഈ വർഷം വലിയ സാമ്പത്തികമാന്ദ്യം ഉണ്ടായിട്ടുകൂടി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗരംഗത്ത് അഹ്മദികൾ ഒരിക്കലും പിന്നോട്ട് മാറിയിട്ടില്ല. ഞാൻ എങ്ങിനെ ജീവിക്കും എന്നല്ല അഹ്മദികൾ ചിന്തിക്കാറു ള്ളത്. മറിച്ച് എന്റെ ചന്ദഃയുടെ വാഗ്ദാനം എങ്ങനെ പൂർത്തിയാക്കാൻ സാധിക്കും എന്നതാണ് അവർ ചിന്തിക്കുക. എന്നാൽ മറ്റുള്ളവരുടെ അവസ്ഥ സൂറത്തുൽ ഹദീദിലെ മറ്റൊരായത്തിൽ അല്ലാഹു തആല വിവരിക്കുന്നുണ്ട്. ഇതിനോടൊപ്പം ഒരു താക്കീതും മുഅ്മിനീങ്ങൾക്ക് നൽകുന്നുണ്ട്. ഇബാദത്തുകളിലാണെങ്കിലും ധനത്യാഗത്തിലാണെങ്കിലും അല്ലാഹു തആല നിർണ്ണയിച്ചിട്ടുള്ള മറ്റ് ബാധ്യതകളാണെങ്കിലും അതിലൊന്നും നിങ്ങൾ അലസത കാണിക്കാൻ പാടില്ല. കാരണം പാരത്രിക ജീവിതമാണ് യഥാർത്ഥ ജീവിതം. അത് അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന ജീവിതമാണ്. അല്ലാഹു പറയുന്നു,

اِعْلَمُوْٓا اَنَّمَا الْحَيٰوةُ الدُّنْيَا لَعِبٌ وَّلَهْوٌ وَّزِيْنَةٌ وَّتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِي الْاَمْوَالِ وَالْاَوْلَادِ ۭ
كَمَثَلِ غَيْثٍ اَعْجَبَ الْكُفَّارَ نَبَاتُهٗ ثُمَّ يَهِيْجُ فَتَرٰىهُ مُصْفَرًّا ثُمَّ يَكُوْنُ حُطٰمًا ۭ وَفِي الْاٰخِرَةِ
عَذَابٌ شَدِيْدٌ ۙ وَّمَغْفِرَةٌ مِّنَ اللّٰهِ وَرِضْوَانٌ ۭ وَمَا الْحَيٰوةُ الدُّنْيَآ اِلَّا مَتَاعُ الْغُرُوْرِ (57:21)

*നിങ്ങൾ അറിഞ്ഞുകൊൾക, ഐഹികജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതികളിലും പെരുമ കാണി ക്കലും മാത്രമാണ്. (മനുഷ്യന്റെ ജീവിത ലക്ഷ്യത്തെ വിസ്മരിപ്പിക്കുന്നതാണ്) ജീവിതം ഒരു മഴയെപ്പോലെയാണ്. അതു മൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞനിറമുള്ളതായിക്കാണാം. പിന്നെ അത് ചവറായിത്തീരുന്നു. പരലോകത്ത് കഠിനശിക്ഷയുണ്ടായിരിക്കും. വിശ്വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. ഐഹികജീവിതം വഞ്ചനയുടെ വിഭവങ്ങൾ മാത്രമാണ്.*

ഇന്ന് നാം ലോകത്ത് കണ്ണോടിച്ചു നോക്കുകയാണെങ്കിൽ ജമാഅത്ത് എന്ന നിലയിൽ ഏതെങ്കിലും ജമാഅത്ത് ധനത്യാഗം ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാജമാഅത്ത് ഒന്ന് മാത്രമാണ്. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചു കൊണ്ടാണ് ഇവർ ധനത്യാഗം ചെയ്യുന്നത്. മറ്റുള്ളവർ വല്ലതും ചെയ്യുന്നുണ്ടെങ്കിൽ തന്നെ അത് വളരെ തുച്ഛമാണ്.

ഓരോരുത്തരും കളിതമാശകളിലും സ്വന്തം ആഗ്രഹപൂർത്തീകരണത്തിലും മുഴുകിയിരിക്കുകയാണ്. മുസ്‌ലിംകൾക്കിടയിൽ പലവിധ ബിദ്അത്തുകളും അനാചാരങ്ങളും ഇടം പിടിച്ചിരിക്കുന്നു. വിവാഹവേളകളിലും മറ്റും മറ്റുള്ളവരെ കാണിക്കാനായി ധനം ദൂർത്തടിക്കുകയാണ് ചെയ്യുന്നത്. അഹ്മദികളോടും ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ താത്പര്യപ്പെടുന്നു. ചില പരാതികൾ അഹ്മദികളെക്കുറിച്ചും എനിക്ക് ലഭിക്കാറുണ്ട്. നിങ്ങൾ മനസ്സിലാക്കേണ്ടത് കാലത്തിന്റെ ഇമാമിനെ സ്വീകരിച്ചതിനു ശേഷവും മറ്റുള്ളവരെ കണ്ടുകൊണ്ട് ചുറ്റുപാടിന്റെ പിന്നാലെ പോകുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബൈഅത്ത് ചെയ്ത ലക്ഷ്യം തന്നെ നാം മറന്നിരിക്കുന്നു എന്നാണ്. ഈ ലക്ഷ്യം മറന്ന നമ്മിലുള്ളവരും അല്ലാഹു പറഞ്ഞ ആ കൂട്ടരിൽ ഉൾപ്പെടുന്നതാണ്. അവരെ കുറിച്ച് അല്ലാഹു പറഞ്ഞത് അവരുടെ ഐഹിക ജീവിതം വെറും കളിതമാശയും ജീവിതലക്ഷ്യം വിസ്മരിക്കുന്നതുമാണെന്നാണ്. കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിച്ചതിനു ശേഷവും ധനത്തിലും മക്കളിലും ഭൗതിക പ്രതാപത്തിലും നാം അഹങ്കരിക്കുകയാണെങ്കിൽ ഇബാദത്തുകളും ത്യാഗങ്ങളും നാം മറക്കുകയും ചെയ്യുകയാണെങ്കിൽ നാം ആദരണീയമായ പ്രതിഫലത്തിന് അവകാശികളായി ത്തീരുന്നതല്ല. അല്ലാഹു പറയുന്നത് ധനം നാം നിങ്ങൾക്ക് നൽകിയിരിക്കുന്നു. ഇനി എനിക്ക് നോക്കാനുള്ളത് നിങ്ങൾ ഇത് സ്വരുക്കൂട്ടി അഹങ്കരിക്കുകയാണോ അതോ അല്ലാഹുവിന്റെ പ്രീതി ഒന്നുമാത്രം കാംക്ഷിച്ചു കൊണ്ട് അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയാണോ എന്നാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ ആദരണീയമായ പ്രതിഫലം കരസ്ഥമാക്കുന്നവരായി നിങ്ങൾ മാറും. ഇതല്ലെങ്കിൽ ഓർക്കുക, ഈ ഭൗതികസമ്പത്ത് എപ്പോഴും നിലനിൽക്കുന്നതല്ല. ഇത് പച്ചപ്പുള്ള കതിരുകൾ വന്ന കൃഷിഭൂമി പോലെയാണ്. കാണുമ്പോൾ വളരെ ആനന്ദം തരുന്നതായിരിക്കും. ഇതുകണ്ട് കർഷകൻ പലതും പ്രതീ ക്ഷിക്കുന്നുണ്ടാകും. ഭാവിയിലേക്ക് പല കാര്യങ്ങളും പ്ലാൻ ചെയ്യുന്നുണ്ടാകും. എന്നാൽ അത് പാകമായി കൊയ്യാനാകുമ്പോൾ പെട്ടെന്ന് അല്ലാഹുവിൽനിന്നുള്ള കൊടുങ്കാറ്റ് വരികയും അതിനെ നശിപ്പിച്ച് കളയുകയും ചെയ്യുന്നു. ഉടമസ്ഥന് ഒന്നും ലഭിക്കാത്ത ഒരവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ഈ ഒരു ഉദാഹരണത്തിലൂടെ അല്ലാഹു വിശ്വാസികളെയും ഉപദേശിക്കുകയാണ്. നിങ്ങൾ ഭൗതികകാര്യങ്ങളിൽ മാത്രം മുഴുകാതിരിക്കുക. അതിന്റെ പര്യവസാനം നിരാശാജനകമായേക്കാം. അല്ലാഹുവിനെ മറന്നുകൊണ്ട് ജീവിക്കുന്നവർക്ക് ആഖിറത്തിൽ പ്രത്യേക ശിക്ഷ ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ മഗ്ഫിറത്തും അവന്റെ പ്രീതിയും കരസ്ഥമാക്കുന്നതിനുള്ള പ്രയത്നമാണ് ഒരു വിശ്വാസി ചെയ്യേണ്ടത്. അതാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ അടയാളം. ഈ ദുൻയാവ് എത്ര തന്നെ കണ്ണഞ്ചിപ്പിക്കുന്നതാണെങ്കിലും ഇതിലെ സാധനസാമഗ്രികൾ എത്ര തന്നെ ഹൃദയവർജ്ജകമാണെങ്കിലും അവസാനം വഞ്ചന മാത്രമായിരിക്കും, പരാജയമായിരിക്കും ഫലം.

അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു;

سَابِقُوْٓا اِلٰى مَغْفِرَةٍ مِّنْ رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ السَّمَاۗءِ وَالْاَرْضِ ۙ اُعِدَّتْ
لِلَّذِيْنَ اٰمَنُوْا بِاللّٰهِ وَرُسُلِهٖ ۭ ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَاۗءُ ۭ وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ (57:22)

*നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികൾക്ക് തുല്ല്യമായ വിലയുള്ള സ്വർഗ്ഗത്തിലേക്കും അഹമഹമികയാ മുന്നേറുക. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവർക്കു വേണ്ടി അത് ഒരുക്കിവെച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണിത്. താനിഷ്ടപ്പെടുന്നവർക്ക് അവനത് നൽകുന്നതാണ്.*

ഒരു വിശ്വാസി എപ്പോഴും അവന്റെ നാഥന്റെ മഗ്ഫിറത്തിനായി പ്രയത്നിച്ചു കൊണ്ടിരിക്കുന്നതാണ്. ഇതു മുഖേന ഈ ലോകത്തും അല്ലാഹുവിന്റെ ഫള്‌ലിന്റെ രൂപത്തിൽ പ്രത്യക്ഷമാകുന്ന സ്വർഗത്തിന്റെ അനന്തരാവകാശിയായി അവൻ മാറുന്നു. ഒരു വിശ്വാസിക്ക് ലഭിക്കുന്ന സ്വർഗ്ഗം ഐഹികവും അതോടോപ്പം പാരത്രികവുമാണ്. ഐഹിക ജീവിതത്തിൽ അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവന്റെ അനുഗ്രഹവർഷം കണ്ട് ആനന്ദിക്കുന്നു. പാരത്രിക ജീവിതത്തിലും അവൻ സന്തുഷ്ടനായിരിക്കും. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

ധനത്യാഗം ചെയ്തതിനുശേഷം ഓരോരുത്തർക്കും ലഭിച്ച മനഃസംതൃപ്തിയെ പരാമർശിച്ചുകൊണ്ടുള്ള എത്രയോ കത്തുകൾ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ സമ്പത്തിലുണ്ടാക്കിയ വർദ്ധനവിനെകുറിച്ചും അവരുടെ മക്കൾ മുഖേന അവർക്ക് ലഭിച്ച കൺകുളിർമ്മയെ കുറിച്ചും ഈ കത്തുകളിൽ വിവരിക്കുന്നു. ഒരു വിശ്വാസിക്ക് ഈ ലോകത്ത് ലഭിക്കുന്ന സ്വർഗ്ഗം തന്നെയാണിത്. ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹുവിന്റെ അനുഗ്രഹം കാണുന്ന ഒരു വിശ്വാസിക്ക് ആഖിറത്തിൽ ലഭിക്കാൻ പോകുന്ന സ്വർഗ്ഗത്തെക്കുറിച്ച് ദൃഢവിശ്വാസം ഉണ്ടായിത്തീരുന്നു. ഒരു സിക്രട്ടറി മാൽ എനിക്കെഴുതുകയുണ്ടായി. ജനുവരി 2-ാംതിയ്യതി ഒരാൾ വന്നുകൊണ്ട് പറഞ്ഞു, ഇന്ന് ഹുസൂർ വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തുന്നതായിരിക്കും. അതു കൊണ്ട് എന്റെ വാഗ്ദാനം ഞാൻ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത്രകണ്ട് വർദ്ധിപ്പിച്ചുനൽകുന്നു, എന്റെ റസീത് ആദ്യം മുറിക്കണം എന്ന്. ഈ പ്രവർത്തനമെല്ലാം ധനം നൽകുന്നതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി ലഭിക്കും എന്ന ദൃഢവിശ്വാസം ഉള്ളതുകൊണ്ടാണ്. അല്ലാഹു പരലോകത്ത് വെച്ച് നൽകുന്ന അനുഗ്രഹങ്ങൾ നമുക്ക് ഇപ്പോൾ ഊഹിക്കാനേ സാധ്യമല്ല.

സ്വർഗ്ഗത്തിന്റെ വ്യാപ്തി ആകാശഭൂമിയോളംതന്നെ വിശാലമാണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് സ്വർഗ്ഗം? അല്ലാഹുവിന്റെ തൃപ്തി, അതാണ് സ്വർഗ്ഗം.

ഒരിക്കൽ ഒരു സഹാബി റസൂൽ(സ)യോട് ചോദിച്ചു. സ്വർഗ്ഗം ആകാശഭൂമി ആകമാനം വ്യാപിച്ചു കിടക്കുകയാണെങ്കിൽ നരകം എവിടെയാണ്? തിരുനബി(സ) അരുളി, പകൽ ഉണ്ടാകുമ്പോൾ രാത്രി എവിടെയാണ്? സ്വർഗ്ഗവും നരകവും രണ്ട് സ്ഥലങ്ങളല്ല. ഇത് രണ്ട് അവസ്ഥകളാണ്. അല്ലാഹുവിനെ മറന്ന് ജീവിക്കുന്നവർക്ക് നരകം ദൃശ്യമാകുമ്പോൾ സൽപ്രവൃത്തിചെയ്യുന്നവർക്ക് സ്വർഗ്ഗം ദൃശ്യമാകുന്നു. ദിശ മാറുന്നതനുസരിച്ച് ഓരോന്നിന്റെയും അവസ്ഥയും വ്യത്യസ്തമായിരിക്കും. ഇന്നുള്ള ചില ഫോട്ടോകൾ അത് വിവിധ ദിശയിലൂടെ നോക്കുമ്പോൾ വ്യത്യസ്തമായി നാം കാണുന്നു. അതുകൊണ്ട് ഒരു വിശ്വാസി അല്ലാഹുവിന്റെ പ്രീതി മുൻനിർത്തിക്കൊണ്ട് സ്വർഗ്ഗത്തിന്റെ അനന്തരാവകാശിയായിത്തീരുന്നതു പോലെ നിഷേധി അല്ലാഹുവിന്റെ കോപത്തിന് പാത്രമായിക്കൊണ്ട് നരകത്തിന്റെ അവകാശിയായിത്തീരുന്നു. അവൻ പാരത്രിക ജീവിതം വ്യർത്ഥമാക്കുയാണ് ചെയ്യുന്നത്. സ്വർഗ്ഗം യഥാർത്ഥത്തിൽ അല്ലാഹുവിന്റെ പ്രീതിയാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കിക്കഴിഞ്ഞാൽ അതു തന്നെയാണ് ഒരു മുഅ്മിന് സ്വർഗ്ഗം. അല്ലാഹു തആല അത് കരസ്ഥമാക്കുന്നതിലേക്ക് എപ്പോഴും നമ്മുടെ ശ്രദ്ധ തിരിക്കുമാറാകട്ടെ. നമ്മുടെ ഇബാദത്തുകളും നമ്മുടെ ത്യാഗങ്ങളും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്ന തായിരിക്കട്ടെ. അല്ലാഹു ഇവിടെ ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَآءُ എന്ന് പറഞ്ഞുകൊണ്ട് പറയുന്നത് സ്വർഗ്ഗം ലഭിക്കുന്നത് അല്ലാഹു പ്രത്യേകം ഫള്‌ൽ ചെയ്തവർക്കും അല്ലാഹുവിലും അല്ലാഹുവിന്റെ റസൂലിലും വിശ്വസിക്കുന്നവർക്കും ഇക്കാലത്ത് അല്ലാഹുവിന്റെ പ്രവചനപ്രകാരം വെളിപ്പെട്ട വാഗ്ദത്തമസീഹിൽ വിശ്വസിക്കുന്നവർക്കുമാണെങ്കിലും ഈ അനുഗ്രഹത്തെ സ്ഥായിയായി നിലനിർത്താൻ തങ്ങളുടെ പ്രവർത്തനങ്ങൾ ശരിയാക്കേണ്ടതായി വരും എന്നാണ്. വിശ്വാസത്തിൽ സ്ഥിരചിത്തരായിരിക്കുന്നതിന്നായി ഇപ്രകാരം ദുആ ചെയ്യാനും അല്ലാഹു പഠിപ്പിക്കുന്നു. رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا വിശ്വാസത്തിനും ഹിദായത്തിനും ശേഷം അല്ലാഹുവേ ഞങ്ങളുടെ ഹൃദയത്തെ നീ വക്രമാക്കിക്കളയരുതേ. ഞങ്ങൾ വലിയ ത്യാഗം ചെയ്യുന്നവരാണെന്ന ചിന്തയൊന്നും ഞങ്ങൾക്ക് വരാതിരിക്കട്ടെ. ഐഹികജീവിതത്തിലെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ ഞങ്ങളെ നേർമാർഗ്ഗത്തിൽനിന്നും വ്യതിചലിപ്പിക്കാതിരിക്കട്ടെ. ജമാഅത്തിന്റെ വിവിധ ഇനത്തിൽപ്പെട്ട ചന്ദഃകൾ ഞങ്ങൾക്കൊരു ഭാരമായി തോന്നാതിരിക്കട്ടെ. ഇക്കാലത്ത് അല്ലാഹുതആല മുമ്പുള്ളവരുമായി നമ്മെ കൂട്ടിച്ചേർത്തുകൊണ്ട് തന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യാനുള്ള തൗഫീഖ് നൽകി എന്നതും അല്ലാഹുവിന്റെ വലിയ ഔദാര്യമായി മനസ്സിലാക്കുക. നമ്മളിൽ ഉണ്ടായിട്ടുള്ള അല്ലാഹുവിന്റെ മഹത്തായ ഈ ഫള്‌ൽ നമ്മുടെ സന്തതികളിലും നിലനിർത്തുവാൻ സാധിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു. '*ചന്ദഃ നൽകുന്നതുകൊണ്ട് വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നു. ഇത് സ്നേഹത്താലും ആത്മാർത്ഥതയാലും ചെയ്യുന്ന പ്രവൃത്തിയാണ്. അതുകൊണ്ട് ഇവിടെ പുതുതായി ബൈഅത്ത് ചെയ്ത് വരുന്ന ആയിരക്കണക്കിനുള്ള ജനങ്ങളോട് നിങ്ങൾ ഇന്നത് നൽകും എന്ന് സ്വയം ഒരു തീരുമാനമെടുക്കണമെന്ന് പറയണം. പിന്നീട് അതിൽ ഒരു അലസതയും കാണിക്കരുതെന്നും അവരോട് പറയണം.*

ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ നിസാമുമായി ശരിക്കും ബന്ധപ്പെട്ടുനിൽക്കുന്ന അഹ്മദികൾ ത്യാഗത്തിന്റെ ഉത്തമ ഉദാഹരണങ്ങാണ് കാഴ്ച വെക്കുന്നത്. ഓരോരുത്തരുടെയും ത്യാഗങ്ങൾ കാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്. എന്നാൽ നവാഗതർ ധനത്യാഗരംഗത്ത് ഈ രീതിയിലുള്ള മുന്നേറ്റം കാണിച്ചിട്ടില്ല. ലോകത്തിന്റെ പല ഭാഗത്തും ഇതാണ് സ്ഥിതി. അവരെ ഈ പദ്ധതികളിൽ ഉൾപ്പെടുത്താൻ വേണ്ട പോലെ പരിശ്രമിച്ചിട്ടുമില്ല. ഇത് ജമാഅത്ത് സംവിധാനത്തിന്റെ പോരായ്മയായി ഞാൻ കാണുന്നു. ജമാഅത്ത് സംവിധാനം പരിശ്രമിക്കുകയും ചുരുങ്ങിയ പക്ഷം തുച്ഛമായ

തുക വാങ്ങി ധനത്യാഗരംഗത്തേക്ക് അവരെ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. എവിടെയെല്ലാം അതിനുള്ള ശ്രമം നടത്തിയിട്ടുണ്ടോ അവിടെയെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല പ്രതികരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലെ ചന്ദഃ നൽകുന്നതു കാരണം ഈമാനിൽ വർദ്ധനവുണ്ടാകുന്നു. നവാഗതരുടെ ഏതോ നന്മയുടെ ഫലമായി അല്ലാഹു അവരിൽ കൃപചൊരിയുകയും അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)യുടെയും വിളിക്ക് ഉത്തരം നൽകിക്കൊണ്ട് അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അംഗീകരി ക്കാൻ സാധിക്കുകയും ചെയ്തു. അതുകൊണ്ട് ഈ ദൈവീക കൃപയെ തന്റെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കിത്തീർക്കുന്നതിന് ത്യാഗത്തിലും ഇബാദത്തിലും മുന്നേറേണ്ടതാണ്. ഇതുപോലെ കുട്ടികളെയും ഏതെങ്കിലും ഒരു ധനത്യാഗ പദ്ധതിയിൽ നിർബ ന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. ഇതിന്നായി കഴിഞ്ഞ വർഷം ഞാൻ പറഞ്ഞിരുന്നത് കുട്ടികളെ വഖ്ഫ് ജദീദ് പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നതായിരുന്നു. അല്ലാഹു ജമാഅത്തുകൾക്കും മാതാപിതാക്കൾക്കും ഇക്കാര്യത്തിൽ കൂടുതലായി പരിശ്രമിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഈ വർഷം വളരെയധികം പ്രതിസന്ധികൾ ഉണ്ടായിട്ടു കൂടി ജമാഅത്തിന്റെ ഗമനം മുന്നോട്ടു തന്നെയാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഏതെങ്കിലും ഒരു ജമാഅത്ത് അൽപ്പം അലസത കാണിച്ചിട്ടുണ്ടെങ്കിൽ തന്നെ മറ്റു ജമാഅത്തുകൾ ആ കുറവ് നികത്തിയിട്ടുണ്ട്. ഇവിടെ വരുന്ന കണക്കുകൾ പരിശോധിക്കുമ്പോൾ അംഗസംഖ്യയിൽ എത്രയോ വർദ്ധനവിന് സാധ്യതയുണ്ടെന്ന് മനസ്സിലാകുന്നു. അതുകൊണ്ട് ജമാഅത്തുകൾ ചെറിയ തുക സ്വീകരിച്ചിട്ടെങ്കിലും കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കുക എന്ന ലക്ഷ്യം നമുക്ക് കരസ്ഥമാക്കാൻ സാധിക്കുന്നതാണ്.

ഇപ്പോൾ വർഷം അവസാനിച്ചത് 51-ാം വർഷമാണ്. ഇത് 52-ാം വർഷമാണ് ആരംഭിച്ചിരിക്കുന്നത്. ലോകത്തുള്ള ജമാഅത്തുകൾ മൊത്തത്തിൽ 31,75,000 പൗണ്ടാണ് ഈ വർഷം നൽകിയത്. കഴിഞ്ഞ വർഷ വസൂലിയനുസരിച്ച് 7.5 ലക്ഷം പൗണ്ട് കൂടുതലാണിത്. (അൽഹംദുലില്ലാഹ്)

ലോകജമാഅത്തുകളിൽ മുമ്പത്തെപ്പോലെ ഈ വർഷവും പാകിസ്ഥാനാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. വഖ്ഫെ ജദീദിന്റെ വരിക്കാരിൽ പാകിസ്ഥാൻ ഈ വർഷം പതിനായിരം പുതിയ ആളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പാകിസ്ഥാനിൽ ഭൂരിപക്ഷം ജനങ്ങളും ദരിദ്രരാണ്. ഇങ്ങനെയുള്ളവരെ കുറിച്ച് തിരുനബി(സ) പറഞ്ഞ ആ വാക്കുകളാണ് സത്യമായി പുലരുന്നത്. *തിരുനബി (സ) ഒരിക്കൽ അരുളുകയുണ്ടായി, ഇന്ന് ഒരു ദിർഹം ഒരു ലക്ഷം ദിർഹത്തെക്കാളും മേന്മ കരസ്ഥമാക്കിയിരിക്കുന്നു. സഹാബത്ത് ചോദിച്ചു, എങ്ങിനെയാണ്. അരുളി, ഒരാളുടെ കൈവശം 2 ദിർഹം ഉണ്ടായിരുന്നു. അദ്ദേഹം തിരുനബി (സ)യുടെ ആഹ്വാനം കേട്ടുകോണ്ട് ഒരു ദിർഹം ചന്ദഃയായി നൽകുകയുണ്ടായി. എന്നാൽ മറ്റൊരാളുടെ കൈവശം ലക്ഷക്കണക്കിന് ദിർഹം ഉണ്ടായിരുന്നു. അദ്ദേഹം അതിൽ നിന്ന് ഒരു ലക്ഷം ദിർഹം ചന്ദഃയായി നൽകി. ഒരു ലക്ഷം കൊടുത്തവൻ കൂടുതൽ ദിർഹം നൽകിയെങ്കിലും ത്യാഗത്തിന്റെ നില പരിഗണിക്കുമ്പോൾ ഒരു ദിർഹമാണ് ഒരു ലക്ഷം ദിർഹത്തെക്കാളും മഹത്വരമായിട്ടുള്ളത്.*

പാകിസ്ഥാനിൽ അധികം പേരും ദരിദ്രരാണ്. ആഫ്രിക്കയിൽ പലനാടുകളിലും ദാരിദ്രം തന്നെ. പലരും തുച്ഛമായ വരുമാനമാണുള്ളത്. അതിൽനിന്നും അവർ ചന്ദഃ നൽകി ഈ ത്യാഗത്തിൽ പങ്കാളികളാകുന്നു. ഇവർ ചന്ദഃ നൽകിയതിനു ശേഷം ജീവിതച്ചിലവ് എങ്ങിനെ മുന്നോട്ട് കൊണ്ടു പോകുന്നു എന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. അല്ലാഹു തആല ഇവർക്ക് ഉത്തമപ്രതിഫലം നൽകുമാറാകട്ടെ.

അമേരിക്ക രണ്ടാം സ്ഥാനത്താണ്. ഇവർ 256 പേരുടെ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും വസൂലി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 80,000 പൗണ്ട് കുറവാണ്. ഡോളറിന്റെ വില അൽപ്പം മെച്ചപ്പെട്ടിട്ടുണ്ട്. 8276 പേരാണ് ഇവിടെ വഖ്ഫ് ജദീദിൽ പങ്കെടുത്തിട്ടുള്ളത്. സമ്പന്ന രാഷ്ട്രങ്ങളുടെ വഖ്ഫെ ജദീദ് ചന്ദഃ ഇന്ത്യയിലും ആഫ്രിക്കയിലെ ചില രാജ്യങ്ങളിലും പള്ളികളും മിഷ്യൻ ഹൗസുകളും നിർമ്മിക്കുന്നതിനും സാഹിത്യങ്ങൾ പ്രസി ദ്ധീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിക്കപ്പെടുന്നത്. അതുകൊണ്ട് ഈ രാഷ്ട്രങ്ങൾ ബജറ്റിലും വരിക്കാരിലും വർദ്ധനവുണ്ടാക്കാൻ ശ്രമിക്കണം. അംഗവർദ്ധനവ് നിർബന്ധമാണ്. ഇവിടെ 256 പേരുടെ വർദ്ധനവുണ്ടായത് നാസിറാത്തിന്റെയും അത്ഫാലിന്റെയും പരിശ്രമഫലമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ജമാഅത്തിന്റെ പരിശ്രമഫലമല്ലിത്. നമ്മുടെ മക്കൾ ധനത്യാഗരംഗത്ത് മുന്നേറുന്നുണ്ട് എന്നതും വളരെ സന്തോഷകരം തന്നെ. മൂന്നാം സ്ഥാനത്ത് ബ്രിട്ടനാണ്. എന്റെ മുമ്പിൽ ഇരിക്കുന്ന നിങ്ങൾ ഈ വർഷം 86,000 പൗണ്ട് അധികമായി വസൂൽ ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അംഗങ്ങളുടെ എണ്ണത്തിൽ 1382 പേരുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. മൊത്തം ചന്ദഃ നൽകുന്നവരുടെ എണ്ണം 14519 ആണ്. ബ്രിട്ടൺ ജമാഅത്തും 'മാശാ അല്ലാഹ്' ശീഘ്രം മുന്നേറുന്ന ജമാഅത്തുകളിൽ ഉൾപ്പെട്ടിരിക്കുന്നു.

ഇവിടെ അംഗങ്ങളുടെ വർദ്ധനവിന് കാരണം, ഒന്ന് ജർമ്മനിയിൽനിന്നും കുറേപ്പേർ വന്നു എന്നതാണ്. അതോടൊപ്പം അത്ഫാൽ നാസിറാത്ത് മുഖേനയും വർദ്ധനവുണ്ടായിട്ടുണ്ട്. കാനഡ എപ്പോഴും അഞ്ചാം സ്ഥാനത്തായിരുന്നു. ഇപ്പോൾ നാലാം സ്ഥാനത്തേക്ക് കയറിയിട്ടുണ്ട്. ഒരു ലക്ഷത്തി മുപ്പതിനായിരം ഡോളറിന്റെ അധിക വസൂലി അവർ ചെയ്തിട്ടുണ്ട്. 378 അംഗങ്ങളുടെ വർദ്ധനവും അവർ ഉണ്ടാക്കിയിട്ടുണ്ട്. 13325 ആണ് ഇവരുടെ മൊത്തം അംഗങ്ങൾ. ഇവരുടെ അത്ഫാൽ വകുപ്പ് വളരെയധികം പ്രവർത്തിക്കുന്നുണ്ട്. ജർമ്മനി അഞ്ചാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. 32000 യൂറോയുടെ വർദ്ധനവ് അവർ വരുത്തിയിട്ടുണ്ടെങ്കിലും 1387 പേരുടെ കുറവ് വന്നിട്ടുണ്ട്. അവരുടെ ശുഅ്ബ മാൽ പറയുന്നത് പലരും ജർമ്മനിയിൽ നിന്ന് ലണ്ടനിൽ വന്നതുകൊണ്ടാണ് ഈ കുറവ് വന്നിരിക്കുന്ന

തെന്നാണ്. ഞാൻ മനസ്സിലാക്കുന്നത് അവരുടെ പരിശ്രമ ത്തിലും അൽപ്പം കുറവുണ്ടെന്നാണ്.

ആറാം സ്ഥാനത്ത് ഇന്ത്യൻ ജമാഅത്തുകളാണ്. അവ രുടെ കണക്കനുസരിച്ച് കഴിഞ്ഞ വർഷത്തേക്കാളും 17 ലക്ഷം രൂപ അധികമാണ് ഈ വർഷം അവർ പിരിച്ചിട്ടു ള്ളത്. 1,16,120 പേരാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. ഇന്ത്യ ക്കാരോട് എനിക്ക് പറയാനുള്ളത് സ്വന്തം കാലിൽ നിൽ ക്കാൻ നിങ്ങൾ ശ്രമിക്കണമെന്നാണ്. ഇന്ന് ലോകത്തിന്റെ അവസ്ഥ നാം കാണുന്നുണ്ട്. അതുകൊണ്ട് ഓരോ ജമാഅ ത്തും സ്വയം പര്യാപ്തത കൈവരിക്കാൻ നോക്കേണ്ട തായി വരും. ഇതേവരെ യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നുമാണ് സഹായിച്ചു കൊണ്ടിരുന്നത്. സഹായിക്കാൻ കഴിയാത്ത ഒരവസ്ഥയും ഇനി വന്നേക്കാം. ഇതുപോലെ ആഫ്രിക്കൻ നാടുകളും സ്വയം പര്യാപ്തത കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്.

ഇന്തോനേഷ്യ ഏഴാം സ്ഥാനത്താണ്. 32000 പൗണ്ടിന്റെ വർദ്ധനവ് ഇവർ വരുത്തിയിട്ടുണ്ട്. 829 പേരുടെ വർദ്ധനവു മുണ്ട്. ബെൽജിയം, ഫ്രാൻസ്, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങൾ എട്ടും ഒൻപതും സ്ഥാനങ്ങൾ കരസ്ഥമാക്കി. ചന്ദഃ നൽകുന്നതിൽ വ്യക്തിഗത ശരാശരി നോക്കുമ്പോൾ അമേരിക്കയാണ് മുന്നിൽ. 92 പൗണ്ടാണ് ഇവരുടെ കണക്ക്. തുടർന്ന് ഫ്രാൻസ്, ബ്രിട്ടൻ, ബെൽ ജിയം എന്നിവയാണ്.

ആഫ്രിക്കൻ ജമാഅത്തുകളിൽ നൈജീരിയ ഈ വർ ഷം തഹ്രീക് ജദീദിലും ഒന്നാം സ്ഥാനത്തായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദി ലും ഒന്നാം സ്ഥാനത്താണ്. 13729 പേരായിരുന്നു കഴിഞ്ഞ വർഷം ചന്ദഃ നൽകിയിരുന്നവരെങ്കിൽ ഈ വർഷം 10069 പേരുടെ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഇത് വളരെ പ്രോത്സാ ഹനജനകം തന്നെ. ഇവിടെ ഇനിയും സാധ്യതകളുണ്ട്. ഇവ ർക്ക് ശേഷം ഘാനയാണ് ഉള്ളത്. ഇവർ 3776 പുതിയ അംഗ ങ്ങളെ ചേർത്തിട്ടുണ്ട്. ബുർക്കിനോ ഫാസോ ആണ് അടു ത്തത്. ബെനിൻ, സിറാലിയോൺ എന്നിവയാണ് തൊട്ടടുത്തത്.

വഖ്ഫെ ജദീദിൽ ചന്ദഃ നൽകുന്നവരുടെ മൊത്തം എണ്ണം 5,37,000ന് മുകളിലാണ്. ഈ വർഷം 27000 അംഗ ങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ചില നാടുകളിലെ റിപ്പോ ർട്ട് പൂർണ്ണമല്ല. അതിനാൽ എണ്ണത്തിലുള്ള വർദ്ധനവ് ഇത്ര തന്നെയാണെന്ന് തീർത്തുപറയാൻ പറ്റില്ല. കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ ശ്രമിക്കുക. അതിന്റെ പകുതിയെങ്കിലും ജമാഅത്തുകൾ വർദ്ധിപ്പിക്കാൻ ശ്രമിക്കു കയാണെങ്കിൽ എണ്ണസംഖ്യ ഇതിനേക്കാൾ എത്രയോ വർ ദ്ധിക്കുന്നതാണ്. കുട്ടികൾ 50 പൈസ യാണ് നൽകുന്നതെ ങ്കിൽ പോലും അവരിൽ ഈ ഒരു ശീലം നാം ഉണ്ടാക്കി യെ ടുക്കേണ്ടതാണ്. അതേ പോലെ അൽപ്പമെങ്കിലും ചന്ദഃ വാങ്ങി നവാഗതരെയും വഖ്ഫെ ജദീദിൽ ഉൾപ്പെടുത്തുക. മറ്റു ചില നാടുകളും വർദ്ധനവ് വരുത്തിയവരിൽ ഉൾപ്പെടുന്നുണ്ട്. മിഡിൽ ഈസ്റ്റ് ജമാഅത്തുകൾ ധനത്യാഗരംഗത്ത് വളരെയ ധികം മുന്നേറിക്കൊണ്ടിരിക്കുന്നുണ്ട്. ഇവരിൽ ഒരു ജമാഅത്ത് ആദ്യത്തെ പത്ത് രാഷ്ട്രങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഇംഗ്ലണ്ടിൽ വസൂലിയുടെ അടിസ്ഥാനത്തിൽ മുമ്പി ലുള്ള പത്ത് ജമാഅത്തുകൾ ഇവയാണ്. പാർക്ക്, ലണ്ടൻ മസ്ജിദ്, സട്ടൻ, ടൂട്ടിൻ, ന്യൂ മോർഡൻ, ഇന്നർപാർക്ക്, വെസ്റ്റ്ഹിൽ, ബൈത്തുൽ ഫുതൂഹ്, ഹോൻസ്ലോ നോർ ത്ത്, മാഷൻ. അമേരിക്കയിലെ ആദ്യത്തെ അഞ്ച് ജമാഅ ത്തുകൾ സിലിക്കൺ വാലി, ലോസ് ഏഞ്ചലസ് ഈസ്റ്റ്, ചിക്കാഗോ വെസ്റ്റ്, ഡെട്രോയിറ്റ്, ലോസ് ഏഞ്ചലസ് വെസ്റ്റ്.

പാക്കിസ്ഥാനിലെ ആദ്യത്തെ മൂന്ന് ജമാഅത്തുകൾ ലാഹോർ, കറാച്ചി, റബ്വ എന്നിവയാണ്. ജില്ലകളുടെ അടിസ്ഥാനത്തിലുള്ള പത്ത് ജമാഅത്തുകൾ റാവൽ പിണ്ടി, ഇസ്ലാമബാദ്, ഫൈസലാബാദ്, ഗുജ്റൻ വാല, ശൈഖു പുര, മീർപൂർഖാസ്, മുൾത്താൻ, സർഗോദ, ഗുജറാത്ത്.

അത്ഫാലിന്റെ പ്രത്യേകവകുപ്പ് അവിടെ ഉള്ളതു കൊണ്ട് കുട്ടികളുടെ ചന്ദഃയുടെ അടിസ്ഥാനത്തിൽ ആദ്യ ത്തെ മൂന്ന് ജമാഅത്തുകൾ ഇവയാണ്. ലാഹോർ, കറാച്ചി, റബ്വ. ജില്ലകളുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരം ഇവ യാണ്. ഇസ്ലാമബാദ്,സിയാൽക്കോട്ട്, ഗുജ്റൻ വാല, ശൈഖു പുര,റാവൽപിണ്ടി, ഫൈസലാബാദ്, മീർപൂർ ഖാസ്, സർഗോദ, നാരോവാൽ, ഗുജറാത്ത്. വളരെയധികം ത്യാഗം ചെയ്ത ജമാഅത്തുകളും പാകിസ്ഥാനിൽ ഉണ്ടെ ങ്കിലും അവർക്ക് സ്ഥാനം ഇല്ലാത്തതു കൊണ്ട് പറയുന്നില്ല. ജർമ്മനിയിലെ ആദ്യത്തെ അഞ്ച് ജമാഅത്തുകൾ ഹാംബ ർഗ്, ഗ്രോസ്കിരോ, വൈസ്‌വർഡൻ, ഫെദ്‌വർഗ്, ഫ്രാങ്ക് ഫർട്ട്. കാനഡയിലെ ജമാഅത്തുകളിൽ കാൽഗരി നോർത്ത് ഈസ്റ്റ്, കാൽഗരി നോർത്ത് വെസ്റ്റ്, റിച്ച്മണ്ട് ഹിൽ, ടൊറാ ൻന്റോ സെൻട്രൽ, ഡെർഹം, മാൽക്കം പീസ് വില്ലേജ് സൗത്ത്, എഡ്മൺ ടൺ, പീസ് വില്ലേജ് ഈസ്റ്റ്. അത്ഫാലിന്റെ കണക്ക് കാൽഗരി നോർത്ത് ഈസ്റ്റ്, ഡെർഹം, പീസ് വില്ലേജ് സൗത്ത്, അബോർഡ് ഓഫ് പീസ്, കാൽഗരി നോർത്ത് വെസ്റ്റ്, ടൊറാ ൻന്റോ സെൻട്രൽ, എഡ്മൺടൺ, പീസ് വില്ലേജ് ഈസ്റ്റ്, പീസ് വില്ലേജ് സെൻട്രൽ, വുഡ്ബ്രിഡ്ജ്.

കഴിഞ്ഞ വർഷത്തെ ധനത്യാഗത്തിന്റെ കണക്കുക ളാണ് ഈ സമർപ്പിച്ചിട്ടുള്ളത്. ഈ ത്യാഗം ചെയ്ത എല്ലാ വരുടെയും ധനത്തിലും മക്കളിലും അല്ലാഹു അനുഗ്രഹ ങ്ങൾ ചൊരിയുമാറാകട്ടെ.ജമാഅത്തിന്റെ വിജയത്തിലും ഈ ത്യാഗങ്ങൾക്ക് ഉന്നതപ്രതിഫലം നൽകി അനുഗ്രഹി ക്കുമാറാകട്ടെ. ഓരോ നിമിഷവും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതായിരിക്കട്ടെ ഓരോ അഹ്മദിയുടെയും പ്രധാന ലക്ഷ്യം. അല്ലാഹു എല്ലാവർക്കും ദുആ ചെയ്യാനു ള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

KHUTHBA:
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 09 -01 - 2009 at
Baitul Futuh
London

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**